പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1216 **15-10-2026-ൽ മറുപടിയ്ക്ക്**

സ്കൂൾ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എൻ. ശക്തൻ

ശ്രീ. സി. വി. ശാന്തകുമാർ

ശ്രീ. എം. ആർ. ബൈജു

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനായി വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

മറുപടി: സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് എക്സൈസ്, പോലീസ്, ആരോഗ്യ വകുപ്പുകളുമായി ചേർന്ന് വിവിധ ബോധവൽക്കരണ പ്രതിരോധ പദ്ധതികൾ നടപ്പിലാക്കി വരുന്നു:

- ഒഡീസി, ബ്ലൂപ്രിന്റ് പ്രോഗാമുകൾ നടത്തിവരുന്നു.
- എക്സൈസ് വകുപ്പിന്റെ 'വിമുക്തി' പദ്ധതി: സ്കൂളുകളിൽ എക്സൈസ് വകുപ്പുമായി ചേർന്ന് 'വിമുക്തി' ലഹരിവർജ്ജന മിഷന്റെ വിവിധ പ്രവർത്തനങ്ങളും പ്രചാരണ പരിപാടികളും സംഘടിപ്പിക്കുന്നു.
- ശ്രദ്ധ / കൗൺസിലിംഗ്: ലഹരിക്കടിമപ്പെടാൻ സാധ്യതയുള്ള കുട്ടികളെ കണ്ടെത്തി കൗൺസിലിംഗ് നൽകുന്നതിനായി സ്കൂളുകളിൽ സൗകര്യമൊരുക്കിയിട്ടുണ്ട്.
- സംസ്ഥാനത്ത് 1680 ഗവൺമെന്റ് /എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളുകളിലും കൗമാരക്കാരുടെ ശാക്തീകരണത്തിനായി **സൗഹൃദ ക്ലബ്ബുകൾ** പ്രവർത്തിച്ചുവരുന്നു. സ്കൂളുകളിലെ ഒരു അദ്ധ്യാപകന് / അദ്ധ്യാപികയ്ക്ക് സൗഹൃദ കോ-ഓർഡിനേറ്ററുടെ ചുമതല നൽകി പ്രാഥമികമായി 3 ദിവസത്തെ റസിഡൻഷ്യൽ പരിശീലനം (Introductory Training) നൽകി വരുന്നുണ്ട്. അതിൽ ഒരു session വിദ്യാർത്ഥികളിലെ മയക്കുമരുന്ന് ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ടാണ്. വിദ്യാർത്ഥികളിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ ചെയ്യണം എന്നത് സൗഹൃദ കോ-ഓർഡിനേറ്റർമാരായ അദ്ധ്യാപകർക്ക് NIMHANS ബാംഗ്ലൂരിൽ നടക്കുന്ന വിദഗ്ധ പരിശീലനത്തിലും (Special Training for Souhrida Co-ordinators) ഉൾപ്പെടുത്തിയിട്ടുണ്ട്. 2023-24 വർഷത്തിൽ 40 അദ്ധ്യാപകർക്ക് NIMHANS ബാംഗ്ലൂരിൽ വച്ച് പ്രത്യേക പരിശീലനം നൽകുകയുണ്ടായി. ടി പരിശീലനത്തിൽ "Substance Abuse" പ്രത്യേക വിഷയമായി തിരഞ്ഞെടുക്കുകയും ആയത് സംബന്ധിച്ച് വിദ്യാർത്ഥികളുടെ ഇടയിൽ അവബോധം വളർത്തുന്നതിനായി ഒരു ദിവസത്തെ പരിശീലനം നൽകുന്നതിനായി പ്രത്യേകമായി മൊഡ്യൂൾ തയ്യാറാക്കുകയും ചെയ്തിരുന്നു. പ്രത്യേക പരിശീലനം ലഭിച്ച 40 അദ്ധ്യാപകരെ വെച്ച് 41 വിദ്യാഭ്യാസ ജില്ലകളിലേയും സൗഹൃദ കോ-ഓർഡിനേറ്റർമാർക്ക് പരിശീലനം നൽകുകയും അവർ മുഖേന സംസ്ഥാനത്തെ മുഴുവൻ ഗവൺമെന്റ് /എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളുകളിലും "Prevention of Substance Abuse" സംബന്ധിച്ച ക്ലാസുകൾ നൽകിവരുന്നു.

- **"പവർ ബ്രിഗേഡ്"** എന്ന പേരിൽ 5 ദളങ്ങളിലായി വിദ്യാർത്ഥികളുടെ ഒരു കൂട്ടായ്മ പരീക്ഷണാടിസ്ഥാനത്തിൽ 2025-26 അക്കാദമിക വർഷം മുതൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത 140 സ്കൂളുകളിൽ ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളെ ശാക്തീകരിക്കുകയും പിന്നീട് പദ്ധതി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും മോണിറ്റർ ചെയ്യുന്നതും വിദ്യാർത്ഥികൾ തന്നെയാണ്. ലഹരി വിരുദ്ധ ദളത്തിന്റെ പ്രവർത്തന ലക്ഷ്യം വിദ്യാർത്ഥികളുടെ ഇടയിൽ ലഹരിക്കെതിരെ പ്രവർത്തിക്കാനായി അവരിൽ നിന്നുമുള്ള ഒരു ടീമിനെ സജ്ജമാക്കുക എന്നതാണ്. ലഹരി വിരുദ്ധ ദളം മുഖേന ക്യാമ്പസുകളിൽ ലഹരി വിരുദ്ധ സംസ്കാരം വളർത്തുന്നതിനും, ലഹരി മുഖേന ക്യാമ്പസുകളിൽ ലഹരി വിരുദ്ധ സംസ്കാരം വളർത്തുന്നതിനും, ലഹരി വസ്തുക്കളുടെ ഉപയോഗം മൂലം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ തിരിച്ചറിയാനും അതോടൊപ്പം നിയമങ്ങളെ കുറിച്ചുള്ള ബോധവൽക്കരണവും നൽകി വരുന്നു.
- സൗഹൃദ ക്ലബ്ബിന്റെ നേതൃത്വത്തിൽ എല്ലാ ഹയർസെക്കൻഡറി സ്കൂളുകളിലും **"മക്കളെ അറിയാൻ"** എന്ന പേരിൽ ശരിയായ രക്ഷാകർതൃത്വവുമായി ബന്ധപ്പെട്ട് ഒരു സെഷൻ നൽകി വരുന്നുണ്ട്. വിവിധ മേഖലയിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള ഡോക്ടർമാരാണ് സാധാരണ ഗതിയിൽ സെഷനും നേതൃത്വം നൽകാറുള്ളത്. ഈ ഒരു മോഡ്യൂളിൽ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് ഒരു സെഷൻ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ഹയർസെക്കൻഡറി സ്കൂളുകളിലും ഈ പ്രോഗ്രാം നടത്താനുള്ള നിർദ്ദേശം നൽകുകയും ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വിദ്യാർത്ഥികളിൽ ലഹരി ഉപയോഗത്തിന്റെ ദോഷഫലങ്ങളെക്കുറിച്ച് ബോധവൽക്കരണം നൽകുന്നതിനായി സ്കൂളുകളിൽ സ്ഥിരമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുമോ; വ്യക്തമാക്കാമോ;

<u>മറുപടി:</u> സംഘടിപ്പിക്കും. എല്ലാ സ്കൂളുകളിലും സ്ഥിരമായ ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്.

- അധ്യയന വർഷത്തിന്റെ തുടക്കത്തിൽ തന്നെ ലഹരിവിരുദ്ധ പ്രതിജ്ഞയും ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കുന്നു.
- സ്കൂൾ അസംബ്ലികൾ, പിടിഎ യോഗങ്ങൾ, പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവയിലൂടെ ലഹരിയുടെ ശാരീരിക-മാനസിക-സാമൂഹിക ദോഷഫലങ്ങളെക്കുറിച്ച് ബോധവൽക്കരണം നൽകുന്നു.
- ഒക്ടോബർ 2 ലഹരിവിരുദ്ധ ദിനം ഉൾപ്പെടെയുള്ള പ്രത്യേക ദിനങ്ങളിൽ നാടകങ്ങൾ, പോസ്റ്റർ രചന, ഉപന്യാസ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ച് ബോധവൽക്കരണം ശക്തമാക്കുന്നു.

(സി) ലഹരി മാഫിയകളുടെ പിടിയിൽ നിന്നും കുട്ടികളെ മോചിപ്പിക്കുന്നതിനും ലഹരിക്കെണിയിൽപ്പെട്ട കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും പി.ടി.എ., പോലീസ്, എക്സ്സൈസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹായത്തോടെ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>മറുപടി:</u> സംയുക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്:

- സ്കൂൾ സംരക്ഷണ സമിതികൾ (School Protection Groups), പിടിഎ (PTA), പോലീസ്, എക്സൈസ്, തദ്ദേശസ്വയംഭരണ ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി സ്കൂൾ തലത്തിൽ ജനകീയ സംരക്ഷണ സമിതികൾ പ്രവർത്തിക്കുന്നു.

- സ്കൂൾ പരിസരങ്ങളിലെ നിരീക്ഷണം: സ്കൂളുകൾക്ക് സമീപം ലഹരിവസ്തുക്കളുടെ വിൽപ്പന തടയുന്നതിനായി പോലീസിന്റെയും എക്സൈസിന്റെയും സഹായത്തോടെ കർശന പരിശോധനകളും നിരീക്ഷണവും ഉറപ്പാക്കുന്നു.

സെക്ഷൻ ഓഫീസർ